## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1493 — 03.12.2018 -ൽ മറുപടിയ്ക്ക്

### ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.ഉബൈദുള്ള : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) പ്രളയത്തിലും പേമാരിയിലും തകർന്ന വീടുകളും കെട്ടിടങ്ങളും പരിസ്ഥിതി സൗഹൃദമായി പുനർനിർമ്മിക്കുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇത് പ്രകാരം പുതുതായി വീടുകൾ നിർമ്മിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും പ്രളയത്തിലും പേമാരിയിലും തകർന്ന വീടുകളും കെട്ടിടങ്ങളും പരിസ്ഥിതി സൗഹൃദമായി പുനർനിർമ്മിക്കുന്നതിന് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. |
| (സി) ഉടർച്ചയായ മണ്ണിടിച്ചിലും ഉരുൾ പൊട്ടലും ഉണ്ടാകുന്ന സ്ഥലങ്ങളിൽ താമസിച്ചിരുന്നവർക്ക് അതേ സ്ഥലത്ത് തന്നെ വീടുകൾ പുനർനിർമ്മിക്കുന്നതിനാണോ തീരുമാനിച്ചിരിക്കുന്നത്; ഇത്തരക്കാർക്ക് വീട് നിർമ്മാണത്തിന് അനുയോജ്യമായ മറ്റു സ്ഥലങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം/വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല എന്ന് തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പിന്റെ 30.08.2018-ലെ ഡി.ബി1/521/2018/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

Subha S

സെക്ഷൻ ഓഫീസർ